നം. ഇ3/902/2022

സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ
തൃശ്ശൂർ, 21.10.2022

<u>നോട്ടീസ്</u>

വിഷയം: 2022-23 പാഠ്യ വർഷത്തിൽ പി ജി വിഭാഗത്തിൽ ഹോസ്റ്റൽ പ്രവേശനം നടത്തുന്നതിനുവേണ്ടി നൽകിയ അപേക്ഷ പ്രകാരം അർഹതയുള്ളവരുടെയും ന്യൂനതയുള്ളവരുടെയും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് –

സൂചന: വിദ്യാർത്ഥികളുടെ അപേക്ഷ.

മേൽ സൂചനപ്രകാരം ലഭിച്ച അപേക്ഷകൾ അനുസരിച്ച് ഹോസ്റ്റൽ പ്രവേശനത്തിന് അർഹതയുള്ളവരുടെ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഈ ലിസ്റ്റിൽ നിന്നും പി ജി വിഭാഗത്തിനായി സൈറ്റിൽ പ്രസിദ്ധീകരിച്ചത് പ്രകാരമുള്ള ഒഴുവുകളിലേക്ക് മാത്രമെ പ്രവേശനം നടത്തുകയുള്ളൂ. ഇതോടൊപ്പം ന്യൂനതയുള്ള അപേക്ഷകരുടെ ലിസ്റ്റും പ്രസിദ്ധീകരിക്കുന്നു. വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ നൽകേണ്ട വരുമാനം അപേക്ഷയിൽ ഇല്ലാത്തതുകൊണ്ടാണ് മേൽ അപേക്ഷകൾ നിരസിച്ചിട്ടുള്ളത്. ആയതിനാൽ നിരസിക്കപ്പെട്ട അപേക്ഷകർക്ക് 25.11.2022 രാവിലെ 11.00 മണി വരെ മേൽ ന്യൂനതകൾ പരിഹരിക്കുവാൻ അവസരം നൽകുന്നതാണ്. ന്യൂനത പരിഹരിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വാർഡന്റെ ഇ -മെയിൽ മുഖാന്തിരമോ (warden@gectcr.ac.in), നേരിട്ടോ ന്യൂനത പരിഹരിക്കുന്നതിനുള്ള അപേക്ഷ ഹോസ്റ്റലിൽ സമർപ്പിക്കേണ്ടതാണ്. ആയത് പരിശോധിച്ചതിൻ പ്രകാരം അന്തിമലിസ്റ്റും പ്രവേശനവും താഴെ പറയുന്ന പ്രകാരം പ്രസിദ്ധീകരിക്കുന്നതായിരിക്കും.

1. **അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയം: 25.10.2022 - 02.00 മണി**
2. **പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയം : 25.10.2022 – 02.00 മണി.**
3. **<u>പ്രവേശനം നൽകുന്ന തിയതികൾ</u>**
   **25.10.2022 - 02.00 PM മുതൽ 04.00 PM വരെ**
   **26.10.2022 – 10.00 AM മുതൽ 02.00 PM വരെ**

**മേൽ തിയ്യതിക്കകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ പ്രവേശനം റദ്ദ് ചെയ്യുകയും ഈ ഒഴിവുകൾ അർഹതാലിസ്റ്റിലെ മറ്റ് വിദ്യാർത്ഥികൾക്ക് നൽകുന്നതുമായിരിക്കും.**

<u>ഹാജരാക്കേണ്ട രേഖകൾ</u>

1. ക്ലാസ് ട്യൂട്ടർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫോറത്തിന്റെ പ്രിന്റ്.
2. പ്രസ്തുത അപേക്ഷ ഫോറത്തിലെ മേൽവിലാസം കോളേജ് ഓഫീസിൽ നിന്നും സാക്ഷ്യപ്പെടുത്തിയിരിക്കണം.
3. കോളേജ് ഐ ഡി കാർഡ് .
4. ഫോട്ടോ 3 എണ്ണം .
5. വരുമാന സർട്ടിഫിക്കറ്റ്.
6. BPL വിഭാഗത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഒറിജിനൽ റേഷൻകാർഡോ തത്തുല്യ സർട്ടിഫിക്കറ്റോ.
7. SC/ST/PH വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്ന രേഖകൾ.
8. ഫീസ്.

<u>ഫീസ് വിവരങ്ങൾ</u>

| | |
|---|---|
| Caution Deposit | 6000 |
| Rent Advance | 620 |
| HDF | 1500 |
| MISC | 25 |
| Admission Fee | 600 |
| Total | 8745 |

വാർഡൻ

പകർപ്പ്

1. നോട്ടീസ് ബോർഡ് (ഹോസ്റ്റൽ,കോളേജ്)
2. വെബ്സൈറ്റ്
3. വെബ് അഡ്മിൻ
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്